3. ശ്രീ. മാത്യു മഠത്തികണ്ഠം, ട്രഷറർ, ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ലോറികൾച്ചറിസ്റ്റ്, അഗ്രി ഹോർട്ടി സൊസൈറ്റി, രാജഗിരി, മുതലകുളം പി. ഒ., തൊടുപുഴ താലൂക്ക്, തൊടുപുഴ.

4. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (1996-97), തിരുവനന്തപുരം.

5. സെക്രട്ടറി (1996-97), ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻസ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പച്ച, പാലോട്, തിരുവനന്തപുരം.

(സി) വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം ജില്ലാ യൂണിറ്റാണ് പ്രസ്തുത അന്വേഷണം നടത്തുന്നത്. അന്വേഷണം പുരോഗമിക്കുന്ന ഈ ഘട്ടത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പേരും മറ്റു വിശദാംശങ്ങളും വെളിപ്പെടുത്തുവാൻ നിർവാഹമില്ല.

ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം

38 [1553] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലുള്ള എത്ര ഉദ്യോഗസ്ഥന്മാരെയാണ് പുനർവിന്യസിച്ചിട്ടുള്ളത്;

(സി) യു.ഡി.എഫ്. സർക്കാർ 2001 മേയ് മാസത്തിൽ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന സിവിൽ സർവ്വീസിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നു; ഇപ്പോൾ സംസ്ഥാന സിവിൽ സർവ്വീസിൽ എത്ര ജീവനക്കാർ ഉണ്ട്; വകുപ്പ് തിരിച്ച് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ), (ബി) & (സി) സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ പുനർവിന്യാസം സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുനർവിന്യാസം സംബന്ധിച്ച തുടർ നടപടികൾ അതാതു വകുപ്പുകളാണ് സ്വീകരിച്ചുവരുന്നത്. ഇതു സംബന്ധിച്ച വിവരം വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

39 [1554] ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാർ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് എത്ര ഐ.എ.എസ്. കോച്ചിംഗ് സെന്ററുകൾ നിലവിലുണ്ട് ;

(സി) കൂടുതൽ ജില്ലകളിൽ പ്രസ്തുത സെന്ററർ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ 37 പേർ പട്ടികജാതിയിൽ പെട്ടവരും 10 പേർ പട്ടികവർഗ്ഗത്തിൽപെട്ടവരും ആണ്. ഐ.എഫ്.എസിൽ 14 പേർ പട്ടികജാതിയിൽ പെട്ടവരും 2 പേർ പട്ടികവർഗ്ഗത്തിൽപെട്ടവരുമാണ് സംസ്ഥാനത്തെ ഐ.പി.എസ്. ഉദ്യോഗസ്ഥരിലും, സംസ്ഥാന സർവ്വീസിൽ ഉള്ള ഉദ്യോഗസ്ഥരിലും എത്ര പേർ പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും ഉൾപ്പെടുന്നു എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) & (സി) പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രധാനമായും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലന ക്ലാസ്സുകൾ തിരുവനന്തപുരത്ത് PTP നഗറിൽ പ്രവർത്തിച്ചുവരുന്ന Institute for Civil Services Examination Training Society എന്ന സ്ഥാപനത്തിൽ നൽകിവരുന്നുണ്ട്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിലെ എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകൾ

40 [1555] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ ഓഫീസുകളിൽ ലോവർ ഡിവിഷൻ ക്ലാർക്കുമാരുടെ എത്ര ഒഴിവുകളാണ് ഉള്ളതെന്നും ഏതൊക്കെ ഓഫീസുകളിൽ എത്ര വീതം ഒഴിവുകളുണ്ടെന്നും അറിയിക്കാമോ ;

(ബി) ഈ ഒഴിവുകളിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഏതൊക്കെ ഓഫീസുകളിലെ ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാത്തതായി ഉള്ളതെന്നും അറിയിക്കാമോ ;

(സി) ഈ ഓഫീസുകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ), (ബി), (സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly